<u>ശ്രീ. പി.ജെ. ജോസഫ്</u> : റോഡ് തീർക്കണം, ഇപ്പോഴത്തെ നിലയിൽ തീർക്കേണ്ടത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാണ്. നിയമം പാസ്സാക്കിയ പശ്ചാത്തലത്തിൽ ഇനി എന്തു ചെയ്യണം, ഇതിന്റെ ഫണ്ട് എങ്ങനെ ഉണ്ടാക്കും എന്ന് കൂട്ടായിട്ട് ആലോചിക്കണം.

(9) എസ്.എസ്.എൽ.സി. റാങ്ക് നിർണ്ണയത്തിൽ മലയാളം മീഡിയത്തിന് പ്രത്യേക പരിഗണന

<u>ശ്രീ. ജി. സുധാകരൻ</u> : സർ, എസ്.എസ്.എൽ.സി. പരീക്ഷയുടെ റാങ്ക് നിർണ്ണയത്തിന് മലയാളം മാധ്യമമായി ഏർപ്പെടുത്തണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മാതൃഭാഷയുടെ പരിപോഷണത്തിനുവേണ്ടി മലയാളം മാധ്യമമായിട്ടുള്ള വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേക റാങ്ക് നിർണ്ണയിക്കേണ്ടത് ആവശ്യമായി വന്നിരിക്കുകയാണ്. കഴിഞ്ഞ മാർച്ച് 25-ാം തീയതി ഇതു സംബന്ധിച്ച് അങ്ങേയ്ക്കു നിവേദനം നൽകിയിട്ടുണ്ട്. ഡോ. കെ.എം. ജോർജ് രക്ഷാധികാരിയായുള്ള മലയാളം കർമ്മസമിതി മഹാകവി എം.പി. അപ്പൻ, സർവ്വശ്രീ ഗുപ്തൻനായർ, പത്മന രാമചന്ദ്രൻ, ഒ.എൻ.വി. കുറുപ്പ് തുടങ്ങിയ സാംസ്കാരികനായകൻമാർ മുഖ്യമന്ത്രിക്കും അങ്ങേയ്ക്കും നിവേദനം നൽകിയിട്ടുണ്ട്. 1998 മേയ് മാസത്തിൽ ചേർന്ന നിയമസഭാ സബ്ജക്ട് കമ്മിറ്റി യോഗത്തിലും ഈ പ്രശ്നം ഉന്നയിച്ചിരുന്നു. ഈ കാര്യം പരിശോധിക്കാമെന്ന് അങ്ങ് യോഗത്തിൽ പറഞ്ഞിരുന്നു. ഇംഗ്ലീഷ് മാധ്യമത്തിൽ പഠിച്ചാലെ ഉയർന്ന റാങ്കും മാർക്കും കിട്ടുകയുള്ളൂ എന്ന ധാരണ പരത്തുകയാണ് നിലവിലുള്ള റാങ്ക് നിർണ്ണയരീതി. ഈ ദുഃസ്ഥിതി ഭാഷാസ്നേഹികളായ മിടുമിടുക്കൻ വിദ്യാർത്ഥികളെ മലയാളം മാധ്യമത്തിൽനിന്ന് അകറ്റുകയാണ് ചെയ്യുന്നത്. തൽഫലമായി നഴ്സറി ക്ളാസ് മുതൽ ഇംഗ്ലീഷ് മാധ്യമത്തിലേയ്ക്ക് ഒരു തള്ളിക്കയറ്റം കണ്ടുവരുന്നു. ഭാവിയിൽ ഈ ഭ്രാന്തൻ തള്ളിക്കയറ്റം സർക്കാർ എയ്ഡഡ് സ്കൂളുകളിലെ സൗജന്യ പൊതുവിദ്യാഭ്യാസത്തെ തകർച്ചയിലേയ്ക്കും ഗവൺമെന്റ് വിദ്യാലയങ്ങളുടെ വ്യാപകമായ അടച്ചുപൂട്ടലിലേയ്ക്കും കുഗ്രാമങ്ങളിലും കോളനികളിലും ചേരിപ്രദേശങ്ങളിലുംവരെ ഇംഗ്ലീഷ് മീഡിയം അൺഎയ്ഡഡ് സ്കൂളുകളുടെ മേധാവിത്വത്തിലേയ്ക്കും നയിക്കും എന്ന് ഞാൻ ആശങ്കപ്പെടുകയാണ്. ഇപ്പോൾത്തന്നെ എൺപതിനായിരത്തോളം പിഞ്ചുകുട്ടികളെ രക്ഷകർത്താക്കൾ സർക്കാർ എയ്ഡഡ് സ്കൂളുകളിൽനിന്ന് നിർബന്ധിച്ച് പിൻവലിച്ചതായും അവരെ അൺഎയ്ഡഡ് സ്കൂളുകളിലേയ്ക്ക് മാറ്റിയതായും ഞെട്ടിപ്പിക്കുന്ന ചില പത്രവാർത്തകൾ വന്നിട്ടുണ്ട്. സർക്കാർ വിദ്യാലയങ്ങളിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ എണ്ണം വളരെയധികം വർദ്ധിച്ചുവരുന്നു. ഭരണഘടന വിഭാവന ചെയ്യുന്ന സൗജന്യവും നിർബന്ധിതവും സാർവ്വത്രികവുമായ പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയ്ക്കുനേരെ വന്നുവീഴുന്ന ഈ ഇംഗ്ലീഷ്മീഡിയം ആറ്റം ബോംബ് കാരണം സമ്പൂർണ്ണ തകർച്ച അഭിമുഖീകരിക്കുകയാണ്. മാതൃഭാഷയുടെ അധഃപതനത്തിനുപുറമേ അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയത്തിൽ നടക്കുന്ന വിദ്യാഭ്യാസ കച്ചവടത്തിൽകൂടി പാവപ്പെട്ടവൻ നൽകേണ്ടിവരുന്ന കനത്ത ഫീസുകൾ ഭരണഘടനയെപ്പോലും വെല്ലുവിളിക്കുന്നു. പാശ്ചാത്യ രാജ്യങ്ങളിൽ യു.എസ്.എ അടക്കമുള്ള അമേരിക്കൻ ഭൂഖണ്ഡത്തിലെ പ്രമുഖ രാജ്യങ്ങളും മാതൃഭാഷയിലൂടെയാണ് വിദ്യാഭ്യാസം നിർവ്വഹിക്കുന്നത്. എന്നാൽ മഹാകവി വള്ളത്തോൾ പാടിയ

LIBRARY ARCHIVES Kerala Legislative Assembly

'അന്യഭാഷാബ്ധിയിൽ ആണ്ടാണ്ടുമുങ്ങിയ
ധന്യതേ നിങ്ങൾതൻ വേല പാഴിൽ'

എന്ന സന്ദേശം സ്വതന്ത്ര കേരളം അവഗണിക്കുന്നതായിട്ടാണ് കാണുന്നത്. മലയാളഭാഷയുടെ നിരാകരണം ഫലത്തിൽ അഖിലേന്ത്യാ പരീക്ഷകളിൽ കേരള വിദ്യാർത്ഥികളുടെ മികവ് കൂട്ടുകയല്ല കുറയ്ക്കുക യാണ് എന്ന് ഞാൻ കരുതുന്നു. ഈ ദുഃസ്ഥിതിക്ക് അടിസ്ഥാനപരമായ പരി ഹാരം കാണാൻ മലയാളഭാഷാ പരിപോഷണവുമായി സർക്കാർ മുന്നിട്ടിറ ങ്ങണം. ഇത്തവണത്തെ എസ്.എസ്.എൽ.സി പരീക്ഷയുടെ റാങ്ക് നിർണ്ണയ ത്തിൽ മാതൃഭാഷയിൽ പരീക്ഷയെഴുതിയ കുട്ടികളുടെ റാങ്കുകൾ പ്രത്യേ കിച്ച് നിർണ്ണയിച്ച് മാതൃകാപരമായി ഇതിന് ആരംഭം കുറിക്കാൻ കേരള ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും മുന്നോട്ടുവന്ന് ഒരു പ്രഖ്യാപനം നടത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ. ജോസഫ്): ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം ഈ സംസ്ഥാനത്ത് വേണമോ വേണ്ടയോ എന്നുള്ള അടിസ്ഥാനപരമായ ഒരു വിഷയത്തിലേയ്ക്കാണ് ബഹുമാനപ്പെട്ട മെമ്പർ വിരൽ ചൂണ്ടിയിരിക്കുന്നത്. പ്രൈമറിതലത്തിൽ മാതൃഭാഷയിലായി രിക്കണം പഠിക്കേണ്ടത് എന്നുള്ള കാര്യത്തിൽ രണ്ടഭിപ്രായം ഉണ്ടെന്നുതോ ന്നുന്നില്ല. അത് എങ്ങനെ ഇന്നത്തെ സാഹചര്യത്തിൽ പ്രായോഗികമാക്കാം എന്നുള്ളത് വളരെ ഗൗരവമായി ആലോചിക്കേണ്ട വിഷയമാണ്. നമ്മുടെ സമൂഹത്തിൽ ഇംഗ്ലീഷ് മീഡിയത്തിനോട് കൂടുതൽ താല്പര്യം ഇന്ന് നില നിൽക്കുന്നു. ആ ചിന്താഗതി മാറ്റിയെടുക്കേണ്ടതുണ്ട്.

മി. സ്പീക്കർ : അദ്ദേഹത്തിന് ഇംഗ്ലീഷിനോട് വിരോധമുണ്ടായിട്ടല്ല. അദ്ദേഹം ഇംഗ്ലീഷ് ലിറ്ററേച്ചറിൽ പോസ്റ്റ് ഗ്രാഡുവേറ്റാണ്.

ശ്രീ. പി.ജെ. ജോസഫ് : അതെ, വിരോധമൊന്നുമില്ല.

മി. സ്പീക്കർ : അങ്ങനെയുള്ള ആൾ ആണ് അവതരിപ്പിച്ചത് എന്നു പറയുകയാണ്.

ശ്രീ.പി.ജെ. ജോസഫ് : ഇപ്പോഴത്തെ പ്രധാനപ്പെട്ട ഒരു ചർച്ചാ വിഷയം പ്രൈമറിതലത്തിൽ എങ്ങനെ മലയാളത്തിൽമാത്രം കുട്ടികളെ പഠി പ്പിക്കാം എന്നുള്ളതാണ്. അതിനുശേഷം ഇംഗ്ലീഷ്മീഡിയം ആകട്ടെ എന്നുള്ള അഭിപ്രായമുണ്ട്. പക്ഷെ നിലവിലുള്ള സ്ഥാപനങ്ങളെ എന്തു ചെയ്യും? ഇത്തരം കാര്യങ്ങൾ നമുക്ക് ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. ഇവിടെ സ്കൂളുകളിൽ കുട്ടികൾ ചേരുമ്പോൾ അവർക്ക് വ്യത്യസ്തമായ രീതിയിൽ റിസൾട്ട് ഉണ്ടാകുമെന്നുള്ള ഒരു ചിന്തയില്ല, പരീക്ഷയെഴുതുമ്പോ ഴുമില്ല. ഇപ്പോൾ ഉടനെ അങ്ങനെയൊരു തീരുമാനമെടുക്കാൻ നമുക്ക് നിവൃ ത്തിയില്ല. എങ്കിലും വളരെ പ്രസക്തിയുള്ള ഈ കാര്യത്തെപ്പറ്റി ഗൗരവ മായി ചർച്ചചെയ്യാം.

(10) പണ്ഡിറ്റ് കറുപ്പന്റെ സാഹിത്യകൃതികൾക്ക് പാഠ്യപദ്ധതിയിൽ പരിഗണന നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, കവിതിലകൻ പണ്ഡിറ്റ് കറു പ്പന്റെ കൃതികൾ പാഠപുസ്തകഭാഗമായും ഉപപാഠപുസ്തകമായും പഠിപ്പി

LIBRARY ARCHIVES Kerala Legislative Assembly